പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1287 | 03/10/2016 ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ 'ചികിത്സാ ധനസഹായ പദ്ധതി'

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോ എബ്രഹാം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ 'ചികിത്സാ ധനസഹായ പദ്ധതി' പ്രകാരം ഏതു തരം രോഗങ്ങൾക്കുള്ള ചികിത്സയ്ക്കായാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ക്യാൻസർ, വൃക്കരോഗം, ഹൃദയരോഗം, ന്യൂറോ സംബന്ധമായ രോഗം, ഹീമോഫീലിയ, ബ്രെയിൻ ട്യൂമർ, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾക്ക് തുക അനുവദിക്കുന്നു. |
| (ബി) | പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം ഏതൊക്കെ രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (ബി) | നിശ്ചിത മാതൃകയിലുള്ള അപേക്ഷ വെള്ളക്കടലാസിൽ തയ്യാറാക്കി ആറുമാസത്തിൽ കവിയാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ് (അപകട മരണം നടന്ന കേസുകളിൽ മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ് മോർട്ടം സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ., വാർഷിക വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ പകർപ്പുകൾ) ഉള്ളടക്കം ചെയ്ത് സ്ഥലം വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസ്/ കളക്ടേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷ വില്ലേജ് ഓഫീസിൽ സമർപ്പിക്കുന്നതാണ് ഉചിതം. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയ്ക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (സി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചത് സംബന്ധിച്ചുള്ള കണക്കുകൾ നിയോജകമണ്ഡലം തിരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ